# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1428 | | 06.03.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ സംവിധാനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.സി. ജോർജ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.<br>• എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റിതലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കുക.<br>• സ്ഥലപരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക.<br>• സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നി പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.<br>• നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.<br>• വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി തരംതിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക അജൈവ മാലിന്യ പുന:ചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.<br>• മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയിലിങ്ങ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.<br>• ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ |

| | | | |
|---|---|---|---|
| | | | എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.<br>• ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.<br>• റീജിയണൽ സാനിട്ടറി ലാൻഡ് ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും.<br>• റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ (Waste-to- Energy Plants) സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി അനുയോജ്യമായ സ്ഥലം വാങ്ങി മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്ലാൻ ഫണ്ടിൽ ആവശ്യമായ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | 2019-20-ലെ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം പഞ്ചായത്തുകളും നഗരസഭകളും തങ്ങളുടെ പൊതു വിഹിത ഫണ്ടിൽ നിന്നും യഥാക്രമം 10%, 15% എന്ന നിരക്കിൽ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് മുൻഗണന നൽകി ഫണ്ട് നീക്കി വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. |
| (സി) | അനുയോജ്യമായ സ്ഥലം ലഭ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംസ്കരണ സംവിധാനത്തിന് ആവശ്യമായ തുക അടിയന്തിരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സ്ഥലലഭ്യതയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രോജക്ടുകൾ തയ്യാറാക്കി ശുചിത്വ വിഹിതം ഉൾപ്പെടുത്തി ഡി.പി.സി അംഗീകാരത്തോടുകൂടി സമർപ്പിക്കുന്ന മുറയ്ക്ക് ശുചിത്വ മിഷൻ മുഖേനയുള്ള സംസ്ഥാനാവിഷ്കൃത ഫണ്ടും, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷന്റെ മാലിന്യ പരിപാലന ഘടകം ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാകും. |

സെക്ഷൻ ഓഫീസർ